ശ്രീ.

രാമചന്ദ്രവിലാസം

മലയാളകാവ്യം.

ആദ്യത്തെ മൂന്നുസൎഗ്ഗങ്ങൾ

ഗ്രന്ഥകൎത്താ,

അഴകത്തു് ഈ. പത്മനാഭക്കുറുപ്പു്.

(പകൎപ്പവകാശം സ്വായത്തം.)

കാപ്പി— ൨൦൦൦.

ബി. വി. ബുക്ക് ഡിപ്പോ

തിരുവനന്തപുരം.

വിദ്യാഭിവൎദ്ധിനീ പ്രെസ്സ് കൊല്ലം——തിരുവിതാംകൂർ.

1908.

പ്രകടനാധികൃതൻ.

കുളക്കുന്നത്തു് ഗോപാലമേനോൻ.

ശ്രീ.

രാമചന്ദ്രവിലാസം

മലയാളകാവ്യം.

ആദ്യത്തെ മൂന്നുസൎഗ്ഗങ്ങൾ.

ഗ്രന്ഥകൎത്താ,

അഴകത്തു് ഈ. പത്മനാഭക്കുറുപ്പ്.

(പകൎപ്പവകാശം സ്വായത്തം.)

കാപ്പി — ൧൦൦൦.

ബി. വി. ബുക്ക് ഡിപ്പോ

തിരുവനന്തപുരം.

വിദ്യാഭിവൎദ്ധിനിപ്രെസ്സ് കൊല്ലം — തിരുവിതാംകൂർ

1908.

പ്രകടനാധികൃതൻ.

കുളക്കുന്നത്തു് ഗോപാലമേനോൻ.

KUMARAMANDIRAM LIBRARY * AYYANTHOLE, TRICHUR. No.
കേരളസാഹിത്യ അക്കാദമി

ശ്രീ.

അവതാരിക.

അഴകത്തു പത്മനാഭക്കുറുപ്പവർകളുടെ നാമധേയം ആധുനികകവികളുടെ കൂട്ടത്തിൽ ഭാഷാഭിമാനികൾക്ക് അപരിചിതമായിരിപ്പാൻ ഇടയില്ല. ഇദ്ദേഹം ആദികാലത്ത് "മനോരമാ"പംക്തികളിൽ കടന്നു കോലാഹലം ചെയ്തുകൊണ്ടിരുന്ന ബാലകവികുഞ്ജരന്മാരിൽ അഗ്രഗണ്യസ്ഥാനം വഹിച്ചിരുന്ന ഒരാളാകുന്നു. ദുർഭരമായ കുടുംബഭാരം ദുസ്ത്യജമാംവിധത്തിൽ ശിരസ്സിൽവന്നു വീണതിൽ പിന്നെ ഇദ്ദേഹം പത്രപംക്തികളിൽ [illegible] റെ പ്രവേശിച്ചുകാണാറില്ല. കുടുംബഭാരത്തിനും [illegible] കേളികൾക്കും തങ്ങളിൽ പൊരുത്തംപോരാ. [illegible] കളിച്ചുകൂടാ എന്നാണു പഴമക്കാർ പറ[illegible]. എന്നാൽ [illegible]ദ്ര്യബോധം പ്രകൃതകവിയെ ബാധിച്ചിട്ടില്ലെന്നു കാണുന്നതിൽ സന്തോഷിക്കുന്നു.

അഴകത്തു വീട്ടുകാർ പല സ്ഥാനമാനങ്ങളുമുള്ള ഒരു പുരാതനകുടുംബക്കാർ ആകുന്നു. ഈ വീട്ടിലെ കാരണവർക്ക് അനന്തശയന ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിന്റെ ഊരാണ്മക്കാരായ എട്ടരയോഗത്തിൽ പ്രവേശവും 'ശ്രീകരണം' എന്നൊരു സ്ഥാനവും ഉണ്ട്. 'അദ്വൈതാനന്ദം' എന്ന കിളിപ്പാട്ടിന്റെ കർത്താവായ [illegible] കുറുപ്പ് ൨൨-ൽ നാടുനീങ്ങിയ സ്വാതിതിരുനാൾ മഹാരാജാ തിരുമനസ്സിലെ സന്നിധിയിൽനിന്നും 'വിദ്വാൻകുറുപ്പ്' എന്ന വിരുതുപേർ ലഭിച്ചിട്ടുണ്ട്. ആ വിദ്വാൻകുറുപ്പിന്റെ അനന്തരവനും ഇപ്പോഴത്തെ കരണത്താക്കുറുപ്പിന്റെ അനുജനും ആണു നമ്മുടെ കവി. ജ്യേഷ്ഠന്നു ക്ഷേത്രാധികാരപാരതന്ത്ര്യത്താൽ തിരുവനന്തപുരത്തു സ്ഥിരതാമസം ആവശ്യപ്പെടുകയാൽ പത്മനാഭക്കുറുപ്പിന്നു തറവാട്ടുകാര്യാന്വേഷണം സ്വീകരിക്കേണ്ടിവന്നു. ഗൃഹഭരണക്ലേശങ്ങളുടെ മദ്ധ്യേ അപ്പോഴപ്പോൾ യദൃച്ഛയാ ലഭിക്കുന്ന ചില വിശ്രമക്ഷണങ്ങളുടെ സദ്വിനിയോഗഫലമാണു രാമചന്ദ്രവിലാസം.

മഹാകാവ്യം എന്ന പേരിനെ അർഹിക്കുന്ന ഒരു കാവ്യം ഭാഷയിൽ ആദ്യമായുണ്ടായതു് ഈ 'രാമചന്ദ്രവിലാസം' തന്നെ എന്നു പറയേണ്ടിയിരിക്കുന്നു. 'ശ്രീകൃഷ്ണചരിതം' ആണു് ഭാഷയിൽ ഇദംപ്രഥമമായ കാവ്യം. 'ശ്രീരാമചന്ദ്രവിലാസം' ആണു് ഇദംപ്രഥമമായ മഹാകാവ്യം. "നഗരാർണ്ണവശൈലർത്തുചന്ദ്രാർക്കോദയവർണ്ണനൈഃ" എന്നിത്യാദി ദണ്ഡി ചെയ്തിട്ടുള്ള ലക്ഷണമെല്ലാം ഈ ഗ്രന്ഥത്തിനു് തികഞ്ഞിട്ടുണ്ടെന്നുള്ളതിൽ രണ്ടു പക്ഷം വരുന്നതല്ല. മാഘന്റെ 'ശിശുപാലവധ'ത്തോടു് ഈ ഗ്രന്ഥത്തെ സമം ചേർക്കാം. അർത്ഥപുഷ്ടി, ശബ്ദഭംഗി, സന്ദർഭശുദ്ധി, കല്പനാവൈചിത്ര്യം, സൌന്ദര്യചിത്രം, ബന്ധചാതുര്യം മുതലായ വിഷയങ്ങളിൽ പ്രകൃതമഹാകാവ്യത്തിനു സമമായി ഭാഷയിൽ ഒരു മൂലഗ്രന്ഥവും കാണുന്നില്ല. അർത്ഥാലംകാരങ്ങളെ മറ്റു പല ഭാഷാകവികളും ധാരാളമായുപയോഗിച്ചിട്ടുണ്ടെങ്കിലും ശബ്ദാലംകാരങ്ങളെ സരസമായി പ്രയോഗിക്കുന്നതിൽ പത്മനാഭക്കുറുപ്പു് അദ്വിതീയനാകുന്നു എന്നു പരിച്ഛേദിച്ചുപറയാം. സംസ്കൃതത്തിൽപോലും നാനാർത്ഥകോശത്തിന്റെയും ഏകാക്ഷരനിഘണ്ടുവിന്റെയും മറ്റുംസാഹായ്യംകൂടാതെ ദുഷ്കരങ്ങളായ അനുലോമപ്രതിലോമ[illegible]മാനം, അർദ്ധഭ്രമകബന്ധം മുതലായ ശബ്ദചിത്രങ്ങളെ കുറുപ്പവർകൾ സാധാരണ നാടോടി മലയാളപദങ്ങളെക്കൊണ്ടു് അധികക്ലേശം ഒന്നുംകൂടാതെ ചമയ്ക്കുന്നതു കണ്ടാൽ ആരുടെ മനസ്സാണു് ചമൽക്കരിക്കാത്തതു്? രാമചന്ദ്രവിലാസം ഒരു നാലഞ്ചു കൊല്ലങ്ങൾക്കു മുമ്പു വെളിയിൽ വന്നിരുന്നെങ്കിൽ ശബ്ദാലങ്കാരങ്ങളെ ഉദാഹരിക്കുന്നതിൽ ഭാഷാഭൂഷണനിർമ്മാണകാലത്തു് എനിക്കുണ്ടായ ക്ലേശങ്ങളെ പരിഹരിക്കാമായിരുന്നു. ഭാഷയിൽ ചെയ്യാവുന്നവയും എന്നാൽ നാളതുവരെ ആരും ചെയ്തു കണ്ടിട്ടില്ലാത്തവ ആയ ചില ശബ്ദചിത്രങ്ങളെ ഉദാഹരിക്കുന്നതു സുകരമല്ലാതെ വരികയാൽ ആ ഗ്രന്ഥത്തിൽ ഭാഷാശ്ലോകത്തിനു പകരം സംസ്കൃതശ്ലോകം എനിക്കു ഉപയോഗിക്കേണ്ടിവന്നിട്ടുണ്ടു്. ശബ്ദങ്ങൾ ഇത്രത്തോളം സ്വാധീനപ്പെട്ടിട്ടുള്ള ഈ മഹാകവി ചില പദ്യങ്ങളിൽ ദ്വിതീയാക്ഷരപ്രാസത്തെ ഉപേക്ഷിച്ചിട്ടുണ്ടെങ്കിൽ അതു് അതിന്റെ നേർക്കുള്ള അനാസ്ഥയെന്നല്ലാതെ അശക്തിയെന്നു് ഒരിക്കലും വരുന്നതല്ല.

"വിരിയും മലർ ചൂടിയഗ്രഭാഗേ
തളിരും തണ്ടുമിടങ്ങിടങ്ങു വിങ്ങി
മുകുളങ്ങളുമേന്തിയിങ്ങിവണ്ണം
ലതയെക്കൊണ്ടു ഗമിച്ചതാകുമോ! ചൊൽ."

ഇത്യാദി പ്രൌഢലളിതങ്ങളായ ഇതിലെ പദ്യങ്ങളെ 'ഇങ്ങ-നാലും കോണിലായിട്ടെങ്കിലും നാട്ടി പന്തലിട്ടില്ലെ'ന്നു പറഞ്ഞു പരിഹസിക്കയാണെങ്കിൽ അവരോടു്

* "ക്രമേളകം നിന്ദതി കോമളേച്ഛുഃ
ക്രമേളകഃ കണ്ടകലമ്പടസ്തം
പ്രീതൌ തയോരിഷ്ടഭുജോഃ സമായാം
മധ്യസ്ഥതാ നൈകതരോപഹാസഃ"

കേരള സാഹിത്യ അക്കാദമി

എന്നല്ലാതെ ഒരുത്തരവും ഞാൻ പറവാൻ തയ്യാറില്ല. മ-റെറല്ലാവക [illegible] ചിത്രവുമിരുന്നാലും ദ്വിതീയപ്രാസം ഇല്ലാതെ [illegible]യാൽ 'എല്ലാംപോയി' എന്നു ശഠിക്കുന്നവരെ നാനാവിഭവങ്ങ-ളോടുകൂടിയുള്ള ഭക്ഷണത്തിലും ചീരക്കറിയില്ലെങ്കിൽ ഊണു സുഖ-മാവുകയില്ലെന്നു വിചാരിച്ചിരുന്ന 'ശാകപാർത്ഥിവന്റെ' ശേഷ-ത്തിൽ ചേർത്തു് മിണ്ടാതിരുന്നേയ്ക്കാം.

ശബ്ദാലങ്കാരംപോലെ തന്നെ ശ്ലേഷപ്രയോഗവും ഇതിൽ വളരെ ധാരാളമായിരിക്കുന്നു 'അമാന്തം' മുതലായ പദങ്ങൾക്കു് സംസ്കൃതത്തിലും ഭാഷയിലുമുള്ള ഭിന്നാർത്ഥങ്ങളെ കവി വളരെ സരസമായുപയോഗിച്ചിരിക്കുന്നു. പേരെച്ചത്തിലേ അകാരലോ-പം, ആഖ്യാതത്തിലെ ഉകാരലോപം ഇത്യാദി ചില അഭംഗികൾ ഇക്കാവ്യത്തിലും അപൂർവ്വം ചിലെടത്തു് വന്നുപോയിട്ടില്ലെന്നില്ല. എന്നാൽ അതുകൾ അർത്ഥപ്രതീതിയെ പ്രതിബന്ധിക്കാത്തതിനാൽ ദോഷകോടിയിൽ പ്രവേശിക്കുന്നില്ലെന്നുള്ളതിലേയ്ക്കു് മുൻ ഉ-ദാഹരിച്ച പദ്യംതന്നെ ലക്ഷ്യമാകുന്നു. അഴകത്തു കുറുപ്പിന്റെ

---

* നിന്ദിച്ചിടുന്നു മൃദുഭോജികളൊട്ടകത്തെ
മുള്ളിൽ പ്രിയംകലരുമൊട്ടകമന്യരേയും
ഇഷ്ടാശിതുഷ്ടിയൊരുപോലിരുപേർക്കുമെങ്കിൽ
പുച്ഛിപ്പതിന്നു തകയില്ലൊരു കൂട്ടരേയും.

അവതാരിക.

കൃതികൾക്കു് വിശേഷാൽ ഒരഴകുണ്ടെന്നു് എനിക്കു് പണ്ടേതന്നെ അദ്ദേഹത്തിന്റെ ഒററശ്ലോകങ്ങൾ കാണുമ്പോഴൊക്കെ തോന്നീട്ടുണ്ടു്. ആ അഭിപ്രായത്തെ 'രാമചന്ദ്രവിലാസം' ഇപ്പോൾ സ്ഥിരീകരിച്ചിരിക്കുന്നു. കവിയുടെ ഈ അഭിനന്ദനീയമായ വ്യവസായത്തെ കേരളീയമഹാജനം ഉചിതമായ വിധത്തിൽ അനുമോദിക്കുമെന്നു ആശംസിക്കുന്നു.

കവിയുടെ അഭ്യുദയാശംസി,

A. R. RAJA RAJA VARMA (Sd.)

കേരള സാഹിത്യ അക്കാദമി

മുഖവുര.

കേരളപാണിനീയം, ഭാഷാഭൂഷണം, വൃത്തമഞ്ജരി മുതലായ ശാസ്ത്രഗ്രന്ഥങ്ങളാൽ ഭാഷയുടെ അസ്ഥിവാരം ഉറപ്പിച്ചിട്ടുള്ള ഏ. ആർ. രാജരാജവൎമ്മ എം. ഏ., എം. ആർ. ഏ. എസ്., കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സിലെ അവതാരികയ്ക്കു പുറമേ ഈ പുസ്തകത്തിന് ഒരു മുഖവുരയുടെ ആവശ്യം. ഇപ്പോഴില്ലെങ്കിലും ഈ ഗ്രന്ഥത്തിന്റെ ഇതുവരെയുള്ള വാസ്തവമായ ചരിത്രത്തെ മഹാജനങ്ങളെ ഒന്നു ധരിപ്പിക്കേണ്ടതായ ചുമതല മാത്രം എന്നെ- ച്ചേൎന്നതാകയാൽ ഈ ചെറിയ ഉപന്യാസം എഴുതാൻ സംഗതി- യായതാണ്.

ചോറ് നമുക്കു ഒഴിച്ചുകൂടാത്ത ആഹാരപദാൎത്ഥമായിരുന്നിട്ടും അപ്പം, വടകം ആദിയായി അരിമാവുകൊണ്ടുണ്ടാക്കുന്ന ഭക്ഷ്യവി- ശേഷങ്ങളിൽ, അന്യരസങ്ങളുടെ ആസ്വാദ്യതയാൽ സ്വാഭാവിക- മായി ജനങ്ങൾക്ക് പ്രത്യേകിച്ച് ഒരഭിരുചിയുണ്ടാകാറുള്ളതുപോ- ലെ ഭഗവൽകഥകളിൽ അപ്രധാനമല്ലാത്തതും മിക്ക 'കേരളീയ' ഹിന്ദുക്കൾക്കും കാണാപ്പാഠമായി തീൎന്നിട്ടുള്ളതും ആയ രാമായണ- ത്തെ വേഷംമാറിക്കാണുമ്പോൾ തൽക്കാലത്തേക്കെങ്കിലും മഹാജ- നങ്ങൾക്ക് ഒരു കൌതുകം തോന്നാതിരിക്കയില്ലെന്നുള്ള വിശ്വാ- സവും, രാമായണം പതിവായി പാരായണം ചെയ്വാൻ തുടങ്ങിയതു- മുതൽ അതിന്മേൽ പിന്നെയും പിന്നെയും എനിയ്ക്കുള്ള [illegible]- ത്വവും, ഭാഷയുടെ വളൎച്ചയ്ക്കുവേണ്ടി ഇക്കാലത്ത് എല്ലാ ഭാഷാഭി- മാനികളും രാപകൽ മുഷിഞ്ഞു പ്രയത്നിച്ചുവരുമ്പോൾ [illegible]- ഴച്ചു കൂട്ടം പിരിഞ്ഞ കുരങ്ങുപോലെ ഞാൻ മാത്രം ഉദാസീനനായി- രുന്നാൽ ഇതു മററുള്ളവരേയും സ്വഭാഷയേയും ധിക്കരിക്കുന്നതി- നു സമമായ ഒരപരാധമായി വരികയില്ലയോ എന്നുള്ള ശങ്കയും നി- മിത്തം; ഗുരുഭക്തി, ഐകമത്യം, വിനയം, ഭൂതദയ, സത്യ[illegible] മുതലായ വിശിഷ്ടഗുണങ്ങൾക്കു വിളനിലമായ ശ്രീരാമ[illegible]ത്തെ പുതിയ സമ്പ്രദായത്തിൽ ഒരു മലയാളകാവ്യമായി എഴുതി[illegible]- മെന്നൊരുത്സാഹം തോന്നുകയാൽ കൃത്യാന്തരബാഹുല്യം, ശരീരാ- സ്വാസ്ഥ്യം ഇതുകളാൽ പരാധീനനാണെങ്കിലും കുറേശ്ശ അതിലേ-

ക്കു് ആരംഭിക്കയും വിശ്രമസമയങ്ങളിൽ ചിലപ്പോൾ "രാമചന്ദ്രവിലാസം" എന്ന കാവ്യത്തിന്റെ പന്ഥാവിലൂടെ എന്റെ മനോരഥം മെല്ലെ നടത്തുകയും ചെയ്തു.

ഒരു കാവ്യരചനയ്ക്കു വേണ്ട സാമഗ്രികളൊന്നുമില്ലാതെ എടുത്തുചാടിയ എനിക്കു് ആരംഭത്തിൽതന്നെ, ഇടക്കാലത്തുണ്ടായ ചില ആംഗ്ലേയപണ്ഡിതന്മാരുടെ വ്യാകരണങ്ങളെ പ്രമാണമാക്കുന്നതിൽ അധൈര്യവും, ഭാഷാപ്രയോഗങ്ങൾക്ക സംസ്കൃതപ്രക്രിയകൾ ചില സഹായങ്ങൾ പക്ഷേ ചെയ്യുമായിരിക്കമെങ്കിലും "കാച്ച്യണ്ടുവച്ചേൻ" എന്നുംമററുമുള്ള സന്ധികളുടെ അഭംഗിയെ ഓർത്തു സംസ്കൃതവ്യാകരണത്തെക്കുറിച്ചുള്ള അനാസ്ഥയും നിമിത്തം ചില പ്രയോഗങ്ങളെപ്പററി സംശയം ഉണ്ടായിരുന്നു. അപ്പോൾ ഭാഷയ്ക്കു് ഒരു ശാശ്വതനിക്ഷേപമായ "കേരളപാണിനീയം" ആവിർഭവിക്കയും അതു് ഈ കാവ്യനിർമ്മാണത്തിൽ എന്നെ ധാരാളം സഹായിക്കയുംചെയ്തു.

നമ്മുടെ ഭാഷയ്ക്കു ശരിയായ ഒരു അഭിധാനകോശമില്ലായ്കയാൽ പദാർത്ഥങ്ങളേ ആരായുന്നതിലുള്ള ബുദ്ധിമുട്ടു് എത്രമാത്രമുണ്ടെന്നു് ഇപ്പോഴാണു് ഞാൻ നല്ലവണ്ണം അറിഞ്ഞതു്. അതിനാൽ, ഭാഷാഭിമാനികളായ നാം ഭാഷാപോഷണത്തിനുവേണ്ടി വേലചെയ്യുന്ന അവസരത്തിൽ ഒരുവിധം ത്യാജ്യങ്ങളല്ലാത്ത പദങ്ങളെ കിട്ടുന്നേടത്തോളം സമ്പാദിച്ചുചേർക്കുന്നതിൽ വലിയ തരക്കേടില്ലെന്നുള്ള സമാധാനത്തോടുകൂടി അപ്രയുക്താദി ദോഷങ്ങളുണ്ടെന്നു തോന്നിക്കുന്ന ചില ഭാഷാപദങ്ങളെ അല്പമായ ലക്ഷ്യജ്ഞതാബലം നിമിത്തം ഇതിൽ ചേർക്കാനിടയായിട്ടുണ്ടു്.

ഈ കാവ്യരചനയിൽ പ്രധാനമാതൃകയായി ഞാൻ സ്വീകരിച്ചിട്ടുള്ളതു് രാമായണ (ഭോജ) ചമ്പുവിനെ ആണെങ്കിലും വാല്മീകിരാമായണം, അധ്യാത്മരാമായണം, ഹനുമന്നാടകം, രഘുവംശം, നൈഷധം, ഭാരതചമ്പു, ആഗ്നേയപുരാണം, ആദിയായി ചിലതിനെക്കൂടി പ്രമാണീകരിച്ചിട്ടുള്ളതിനാൽ അവയുടെ ഛായാശകലങ്ങൾ അവിടവിടെ കാണാവുന്നതും മഹാജനങ്ങൾക്കു് അപരിചിതങ്ങളല്ലാത്തതിനാൽ അതുകളേ പ്രത്യേകം വിവരിച്ചിട്ടാവശ്യമില്ലാത്തതും ആകുന്നു.

ഈ പുസ്തകം ഏഴെട്ടു സൎഗ്ഗം ആയപ്പോഴേക്കു കാൎയ്യഗൌരവം ഓൎത്തു വല്ലാതെ ഭയപ്പെട്ടു തുടങ്ങിയെങ്കിലും ഇതിന്മേൽ മഹാജനങ്ങൾ എന്തു പറയുന്നു എന്നറിഞ്ഞിട്ടു് ശേഷം എഴുതാമെന്നു നിശ്ചയിച്ചുംകൊണ്ടു് പേരുവെയ്ക്കാതെ "മലയാളി" പത്രത്തിൽക്കുറേശ്ശ ചേൎത്തുവന്നു. ആയിടയ്ക്കു എന്നെ അറിയാൻ ചിലർ ശ്രുതിക്കൂട്ടുന്നതായി പത്രാധിപരായിരുന്ന മിസ്റ്റർ കുറുപ്പവൎകൾ എന്നെ തെൎയ്യപ്പെടുത്തി. അപ്പോൾ ഇതിനെക്കുറിച്ചു ദോഷമായോ ഗുണമായോ ആരും ഒന്നും പറയാതിരുന്നതിനാൽ ഉണ്ടായ പശ്ചാത്താപം നിമിത്തം വസ്തുതയെല്ലാം കാണിച്ചു മഹാമഹിമശ്രീ കേരളവൎമ്മ വലിയകോയിത്തമ്പുരാൻ സി. എസ്. ഐ. തിരുമനസ്സിലേയ്ക്കു് ഒരു വിജ്ഞാപനം അയയ്ക്കുകയും അവിടന്നു ദയാപൂൎവ്വം ചുവടേ ചേൎക്കുന്ന മറുപടികല്പിക്കയുംചെയ്തു.

തിരുവനന്തപുരം
൧൦൭൬-കന്നി ൧൯.

ശ്രീ.

അഴകത്തു പത്മനാഭക്കുറുപ്പിനു്.

എഴുത്തുകിട്ടി മലയാളിയിൽ "രാമചന്ദ്രവിലാസം" കണ്ടുതുടങ്ങിയതുമുതൽ അതിനെ കൌതുകത്തോടുകൂടി നോക്കുകയും, അതിന്റെ കൎത്താവു് ആരായിരുന്നാലും അയാളുടെ അത്യന്തം ശ്ലാഘനീയമായ യത്നത്തിനു് സാഫല്യം ഉണ്ടാകട്ടെ എന്നു പ്രാൎത്ഥിക്കയും ചെയ്യാറുണ്ടായിരുന്നു. "ശ്രീകൃഷ്ണചരിതം" മണിപ്രവാളത്തോടു സദൃശീകരിക്കുന്നതിനു് വേണ്ടുന്ന യോഗ്യതയുള്ള "രാമചന്ദ്രവിലാസ"ത്തിന്റെ കൎത്തൃത്വത്തെ വെളിപ്പെടുത്തുന്നതിനു് നിങ്ങൾ ഒട്ടും അധൈൎയ്യപ്പെടേണ്ടില്ല. "മീനകേതനചരിതം" മുതലായ കൃതികളാൽ സിദ്ധിച്ചിട്ടുള്ള നിങ്ങളുടെ കവിയശസ്സിനു് ഈ കാവ്യം ഗരീയസിയായ ഒരു പ്രതിഷ്ഠയെ കൊടുക്കുന്നതാണെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇതിനെ പൂരിപ്പിക്കുന്നതിനു വേണ്ട സൌകൎയ്യങ്ങളെല്ലാം ശ്രീരാമന്റെ അനുഗ്രഹത്താൽ നിങ്ങൾക്കുണ്ടാകട്ടെ, എന്നു പ്രാൎത്ഥിക്കുന്നു.

[illegible] ൧൦.

KERALAVARMA.

ആശീൎവ്വാദരൂപമായ ഈ തിരുവെഴുത്തിനാൽ ഞാൻ ലബ്ധധൈൎയ്യനായിട്ടു് പിന്നീടു് പത്രത്തിൽ ചേൎക്കുന്ന ശ്ലോകങ്ങളുടെ

ച്ചുവടെ അവശ്യമുള്ളപക്ഷം എന്റെ പേരുകൂടി വയ്ക്കുന്നതിനു വിരോധമില്ലെന്നു പത്രാധിപരവർകൾക്കു സമ്മതം കൊടുക്കയും ഈ കാര്യത്തെ മുഴുവനാക്കുന്നതിന്ന് പൂർവാധികം നിഷ്കർഷയോടാരംഭിക്കയും ചെയ്തു.

പിന്നീടു ൧൦൭൭-മീനത്തിൽ കൊടുങ്ങല്ലൂർ വച്ചു സരസശ്ലോക കവിശ്രേഷ്ഠനായ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സിലെ അഭിമുഖ്യം ഉണ്ടായ സന്ദർഭത്തിൽ പ്രസംഗവശാൽ "സംസ്കൃതപ്രത്യയങ്ങളും മറ്റും ഭാഷാകവിതയിൽ ചേർത്തു പണ്ടത്തെ മണിപ്രവാളരീതിവരുത്താൻ ശ്രമിക്കുന്നതു ഭാഷയുടെ ഇപ്പോഴത്തെ സ്ഥിതിയ്ക്കു നന്നല്ലെന്നാണ് പൊതുജനാഭിപ്രായം" എന്നും മറ്റും അവിടന്നു അരുളിച്ചെയ്ത ഉപദേശപ്രകാരം ഈ കാര്യത്തിന്റെ ആരംഭത്തിൽ ചുരുക്കമായി അവിടവിടെ ഉണ്ടായിരുന്ന വിഭക്തിപ്രത്യയങ്ങളേയും ക്രിയാപദങ്ങളേയും കഴിയുംപോലെ ഇതിൽനിന്നുച്ചാടനംചെയ്തു.

"ഒരു നാഴിക വഴി ഒച്ചിന് ഒമ്പതുകാതം" എന്ന മട്ടിൽ ഈ കൃതിയുടെ ഒററത്തുനിന്നു മറെറാരു തലയ്ക്കൽ വളരെ നാൾകൊണ്ടു ഞാൻ ചെന്നുപററിയതിന്റെശേഷം ഇതിനെ ഏകാഗ്രതയോടുകൂടെ ഒന്നു പരിശോധിച്ചു ശരിപ്പെടുത്തുന്നതിന് ഞാൻതന്നെയായാൽ മതിയാവില്ലെന്നു തോന്നി.

"ആപരിതോഷാദ്വിദുഷാം
ന സാധു മന്യേ പ്രയോഗവിജ്ഞാനം
ബലവദപി ശിക്ഷിതാനാ-
മാത്മന്യപ്രത്യയം ചേതഃ"

എന്നുള്ള പണ്ഡിതാഭിപ്രായം അനുസരിച്ചു മനീഷിതിലകമായ മ. രാ. രാ കെ. സീ. കേശവപിള്ള അവർകളെക്കൂടി ഞാൻ ക്ഷണിക്കയാൽ അദ്ദേഹം അതിനെ സസന്തോഷം സ്വീകരിക്കയും എനിക്കുവേണ്ടി ധാരാളം സഹായിക്കയും ചെയ്തിട്ടുണ്ട്.

അനന്തരം സർവശാസ്ത്രപാരംഗതനായ ഏ. ആർ. രാജരാജവർമ്മ എം. ഏ., എം. ആർ. ഏ. എസ്. കൊച്ചുകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് ഈ ഗ്രന്ഥം ആപാദചൂഡം ക്ഷമയോടു

കൂടെ പരിശോധിച്ച് ആവശ്യമുള്ള മാററങ്ങൾ ചെയ്തും ചെയ്യിച്ചും സ്വാഭിപ്രായാനുസാരേണ കല്പിച്ചൊരവതാരിക എഴുതിയും ഇതിനെ അച്ചടിപ്പിക്കുന്നതിന്ന് ധൈൎയ്യപ്പെടുത്തിയ ആ തിരുമേനിയുടെ ഔദാൎയ്യശീലത്തിന്നു ഞാൻ കടപ്പെട്ടിരിക്കുന്നു.

കുടുംബകാൎയ്യവശാൽ ബദ്ധപ്പെട്ട സഞ്ചാരത്തിലും മററും, അച്ചടിച്ച പ്രൂഫ്കൾ പരിശോധിച്ചതുകൊണ്ട് ഒരു ചെറിയ ശുദ്ധിപത്രത്തിന്റെ ആവശ്യം നേരിട്ടുപോയി എങ്കിലും വലിയപിശകുകൾക്കിടയാകാതെ ഈ പുസ്തകം അച്ചടിക്കുന്നതിലും ചിത്രബന്ധങ്ങൾക്ക് ആവശ്യമുള്ള കരുക്കൾ നല്ല മാതൃകയിൽ ചെയ്തു ചേക്കുന്നതിലും "മനോമോഹനം" അച്ചുക്കൂടത്തലവന്മാർ എനിക്കുവേണ്ടി നല്ല ഒത്താശകൾ ചെയ്തിട്ടുണ്ടെന്നുള്ളതും ഗണ്യമാകുന്നു.

ഇപ്രകാരം രൂപീകരിച്ച ഈ പുതിയ മലയാളകാവ്യത്തെ സജ്ജനസമക്ഷം സമൎപ്പിച്ചുകൊള്ളുന്നു.

അറിവുടയവർ നല്ലപോലെ നോക്കി-
ക്കുറവുരചെയ്കിലുമല്ലലില്ലതെല്ലും
അരിയ മണികൾ ചാണയിൽ തെളിഞ്ഞേ
പെരിയ വിലയ്ക്കുതു യോഗ്യമായ് ഭവിക്കൂ.

൧൦൮൪ വൃശ്ചികം ൧൦-ാനു- വിധേയൻ,

ചവറ, ഈ. പദ്മനാഭക്കുറുപ്പ്

R.V. BOOK DEPOT TRIVANDRUM.

രാമചന്ദ്രവിലാസം

മലയാളകാവ്യം

KURUP HOUSE

ഹരിഃ ശ്രീഗണപതയേ നമഃ
അവിഘ്നമസ്തു

ഒന്നാംസർഗ്ഗം.

മാർത്താണ്ഡദേവന്റെ മഹാകുലത്തിൻ
കീർത്തിപ്രതിഷ്ഠാപകനാം മഹാത്മാ
മായാവിലാസത്തെ വഹിച്ച ദിവ്യ-
ശ്രീരാമദേവൻ വിജയിച്ചിടേണം.

കേരള സാഹിത്യ അക്കാദമി

നന്മയ്ക്കുമാവല്ലഭനും മഹേശൻ
തന്മക്കളാമുണ്ണികൾ രണ്ടുപേരും
എന്മേൽ കനിഞ്ഞീടുവതിന്നു വാക്കാ-
മമ്മയ്ക്കുമായ് താണിഹ കൈതൊഴുന്നേൻ. ൧

ആകാത്തതെന്തോന്നു ഗുരുപ്രസാദം
സ്വാകാംക്ഷ പോലിങ്ങു കരസ്ഥമായാൽ?
ശ്ലോകാഢ്യരാം ദേശികരെ പ്രമാണി-
ച്ചേകാഗ്രചേതസ്സൊടു കുമ്പിടുന്നേൻ. ൨

മിത്രാന്വയത്തിങ്കലുദിക്കുമുർവ്വീ-
വൃത്രാരികൾക്കൊക്കെ വസിപ്പതിന്നായ്
വിസ്താരിയാമുത്തരകോസലത്തിൽ
പ്രഖ്യാതയായുണ്ടൊരു രാജധാനി. ൩

ഭയന്നു മണ്ടാത്ത വിരോധികൾക്കും
ജയം ലഭിപ്പാൻ പണിയെന്നു കണ്ടു്
"അയോദ്ധ്യ"യെന്നുള്ളൊരു സാർത്ഥനാമം
പയോജജന്മാവിതിന്നേകി മുന്നം. ൪

സൎപ്പാധിരാജന്റെ ഫണാസ്ഥയായോ-
രിപ്പൂഴിമാതിന്റെ ലലാടദേശേ
ശില്പം വിളങ്ങുന്നൊരു പൊട്ടുപോലാ-
ണിപ്പട്ടണം ഭൂതിവിലാസമോദാൽ. ൬

വാനം തൊടും മട്ടിലുയൎന്നിതിൽ ഭൂ-
ജാനീശരന്മാരുടെ മേടകണ്ടാൽ
നാനാവിചിത്രാന്വിതവൈജയന്ത-
സ്ഥാനപ്രതിച്ഛന്ദമതെന്നു തോന്നും. ൭

[illegible]ളെപ്പെട്ടു വളൎന്ന[illegible]-
ണ്ടാധിക്യമെന്നുള്ളൊരു സംശയത്താൽ
ധാതാവു പണ്ടേ നിജവാസലോകം
സാധിച്ചതല്ലീ? സകലത്തിനും മേൽ. ൮

ആദിത്യനാത്മാനുചരന്മാർ പോരു-
ള്ളൂതിഗ്രഹമേകുന്നതു കൊള്ളുവാനായ്
ആലീകലിലെത്തുന്നൊഴിവിക്കൊണ്ടു-
ള്ളായ്ക്കുമല്ലീ? പകലോനമിന്നും ൯

സൌവൎണ്ണസങ്കല്പിതമായ മട്ടു-
പ്പാവിൽ പതിച്ചുള്ളൊരു ചന്ദ്രകാന്തം
സേവിച്ചിടുന്നോരുടെ താപമാററി
നിൎവാണമേകുന്നിഹ വിണ്ണുവെപ്പോൽ. ൰

പ്രാകാരകുഡ്യങ്ങളിൽ നാലുപാടും
നൽഗോപുരദ്വാരമുഖത്തിലെല്ലാം
വൎണ്ണങ്ങൾ കോലും മറയാന്നൊരോരാ-
വൎണ്ണം ചാറിക്കുന്നിതു നാൻമുഖത്വം. ൰൧

താരാപഥത്തോളമുയൎന്ന സൌധ-
ധാരാഗ്രഭാഗത്തു ഹിമാംശു താനും
ആരാൽ മഴക്കാറുമണഞ്ഞിടുമ്പോൾ
മാരാരിയെപ്പോലിതു ഭംഗി തേടും. ൰൨

അന്തഃപുരസ്ത്രീജന ലോചനത്തിൻ
ചന്തത്തിനൊപ്പമെന്നു നിനച്ചു പോരാൻ
ചെന്താമരപ്പൂക്കൾ കിടങ്ങിലെല്ലാം
പൊന്നൂന്നു സാലത്തെ വളഞ്ഞിതിങ്കൽ. ൰൨

വൃന്ദാരകേന്ദ്രന്റെ പുരത്തിനൊപ്പം
മിന്നുന്ന സാകേതപുരാന്തികത്തിൽ
നന്നായ്‌വിളങ്ങും സരയൂനദിക്കും
മന്ദാകിനിക്കും ചെറുതല്ല സാമ്യം. ൰൩

ദിവ്യത്വമാന്നോരിതിലുള്ള തീർത്ഥം
സേവിച്ചിടുന്നു പല ജീവജാലം
മാലിന്യമെന്യേ മഹിതം പ്രസാദം
കോലും മഹാത്മാക്കൾ നിഷേവ്യരത്രേ. ൰൪

പ്രജ്ഞാധിപൻ കാശ്യപനിപ്പുരത്തിൽ
സുജാതയാമിന്ദുമതീവയറ്റിൽ
രജ്ഞക്ഷമാവല്ലഭസൂനുവായി
ജനിച്ചുപോൽ പണ്ടു ദശരഥാനാം. ൰൫

മനുസ്മൃതിക്കൊത്തൊരു ധർമ്മമെല്ലാ-
മനുസ്മരിച്ചിപ്പുരമാസമന്താൽ
ഭരിച്ചിതപ്പംക്തിരഥക്ഷിതീശൻ
പരത്തിനാൻ കീർത്തിജഗത്തിലെല്ലാം. ൰൬

ദാരിദ്ര്യമില്ലീതികളില്ലനാട്ടിൽ
ചൌര്യപ്രവൃത്തിക്കവകാശമില്ല
കൈക്കോണവും കോഴയുമില്ലയെന്ന-
തിക്കോവിലും മന്നവനേകി പ്രോൽ. ൰൭

ചൊൽക്കൊണ്ട കൌസല്യയുമക്കൊടാങ്ങി
കൈകേയിയും സൌമ്യ സുമിത്രതാനും
ദാരങ്ങളായുള്ള നൃപന്നു മൂന്ന-
സാരസ്യസൌഖ്യമതിനെന്നപോലെ. ൰൮

സന്താനമില്ലാഞ്ഞൊരുനാൾനൃപേന്ദ്രൻ
മന്ത്രീശ്വരന്മാരെവിളിച്ചടുക്കൽ
മന്ത്രിച്ചു വല്ലായ്മയശേഷമപ്പോൾ
തന്ത്രജ്ഞരോരോന്നറിയിച്ചുപായം. ൧൦

എട്ടാമനാം മന്ത്രിസുമന്ത്രനപ്പോൾ
സാഷ്ടാംഗപാതം നൃപനേ നമിച്ച്
ഉണൎത്തിനാൻ പണ്ടു സനൽക്കുമാരൻ
മുനീശ്വരൻ ചൊല്ലിയകാൎയ്യസാരം. ൧൧

പരിഗ്രഹിച്ചിട്ടു സുമന്ത്രവാക്യം
നരേന്ദ്രനങ്ങേശ്വരനാളയച്ച്
പെരുത്ത കൌതൂഹലമാൎന്നുവേഗം
വരുത്തി വൈഭണ്ഡകനെപ്പുരത്തിൽ. ൧൨

വസിഷ്ഠരോടിക്കഥയാദ്യമേ താൻ
വചിച്ചിതിൻ തീൎച്ചയറിഞ്ഞശേഷം
വരിച്ചു വൈഭണ്ഡകനോടു ഭൂപൻ
വരിഷ്ഠമാം നന്ദനകാമയാഗം. ൧൩

സത്രത്തിനായ് വേണ്ട സഹായകൎമ്മം
ധാത്രീപതിക്കേകണമെന്ന മട്ടിൽ
പ്രത്യക്ഷമായ്വന്നു വസന്തമപ്പോ-
ളുദ്യാനഭൂവിങ്കലുപേതമോദം. ൧൪

സശോകനാം ഭൂമിപതിക്കു തൻപേർ
വിശങ്കമേകുന്നതിനെന്ന പോലെ
വിശേഷപുഷ്പങ്ങൾ ശിരസ്സിലേന്തി-
ട്ടശോകവൃക്ഷങ്ങൾ വിളങ്ങിയെങ്ങും. ൧൫

ചുമന്ന പുത്തൻ തളിർ നാലുപാടും
ചുമന്നു തൻ പേരിനടുത്തകൃത്യം
നൃപന്നു ചെയ്യേണ്ടതിനാശയോടും
നിരന്നു നിന്നെസ്സഹകാരസംഘം. ൧൬

അക്കാദമി

മഖം ഭുജിപ്പാനെഴുന്നള്ളുമംബാ-
സഖൻെറ പൂജ്യസ്ഥിതകീട്ടുവാൻ പോൽ
പ്രകാണ്ഡമൊക്കെപ്പൂത്തുപുഷ്പമേന്തീ-
സ്സകർണ്ണികാരം സുതരാം വിളങ്ങീ. ൨൭

മാനം വളർത്തുന്ന മഖോത്സവത്തേ
മേനിപ്പെടുത്താനൊരു ലക്ഷദീപം
സ്തംഭങ്ങളിൽ തത്ര കൊളുത്തിയോണം
ചാമ്പേയവും മൊട്ടുകളിട്ടുനീളെ. ൨൮

ധരാമണാളൻെറ ഗുണത്തെ വാഴ്ത്തും
ദ്വിരേഫവന്ദിപ്രകരത്തിനമ്മാൻ
മരന്ദമേന്തീട്ടു മലർക്കുടത്തിൽ
സരോരുഹപ്പൊയ്കയുമുല്ലസിച്ചു. ൨൯

അംഭസ്സു നിഷ്കല്മഷമാകവേനായ്
കുംഭോത്ഭവൻ ചൊല്ലിയതെന്നപോലെ
സംപ്രീതനായ് ചന്ദനപർവ്വതോത്ഥൻ
ഗന്ധാനിലൻ വന്നിഹ വീശി മെല്ലെ. ൩൦

മഖത്തിനങ്ങെത്തിയ നാരദൻതൻ
കരത്തിൽ മേവുന്നൊരു വീണപോലെ
വിശൃംഖലമായിട്ടു മുഴങ്ങിമാമ്പൂ
രസത്തിനാലക്കളകണ്ഠകണ്ഠം. ൩൧

വിശ്വംഭരാവല്ലഭനശ്വമേധം
വിസ്താരമായിട്ടു കഴിച്ചശേഷം
പുത്രീയസത്രം നിറവേററുവാനാ-
യർത്ഥിച്ചു ശാന്താപതിയോടു ധന്യൻ. ൩൨

പാകാരിമുൻപായ നിലിമ്പലോകം
യാഗാംശമൻപോടു പരിഗ്രഹിപ്പാൻ
ഭൂകാമുകൻ തൻെറ മഖാന്തരാളേ
ലോകേശനോടും ദ്രുതമാഗമിച്ചു. ൩൩

സർവ്വംസഹാദേവിയരക്കർകാട്ടും
ഗർവ്വം സഹിപ്പാനരുതാഞ്ഞയാളേ
നിർവ്വേദഭാരത്തൊടു ചെന്നുനിന്ന-
ഗ്ഗീർവ്വാണസങ്ഘേ വിധിയോടുചൊന്നാൾ. ൰൩

പുലസ്ത്യപൗത്രാദിമദുഷ്ടരക്ഷോ-
ബലത്തിനാലേറെവലഞ്ഞഹോ! ഞാൻ
വിലേശയശ്രേഷ്ഠനുമിന്നു ഞാനാം
ലലാടപുണ്ഡ്രത്തെ വെടിഞ്ഞിടാറായ് ൰൪

കർമ്മങ്ങളൊട്ടുക്കു കുറഞ്ഞു ലോകേ
ധർമ്മങ്ങളും കാടുകരേറി കഷ്ടം!
ശർമ്മംവിനാ ദിക്കരിവീരരെട്ടും
മർമ്മങ്ങൾ ഭേദിച്ചുഴലുന്നു പാരം. ൰൫

ഒരംമട്ടിലുണ്ടായൊരു ദുർവ്വിപാകം
നേരിട്ടു വർദ്ധിച്ചതു കാരണത്താൽ
നാളൊട്ടു പൊയ്പോയിഹ കാലവർഷം
പെയ്തിട്ടു മേഘങ്ങളുമെത്രകഷ്ടം! ൰൬

കുലാങ്ഗനാവൃന്ദവുമപ്സരസ്ത്രീ-
കുലങ്ങളും വിപ്രരുമാർത്തിമൂലം
നിലത്തുതൂകുന്നൊരു ബാഷ്പവർഷം
ഫലിച്ചിടുന്നില്ല മഴയ്ക്കുതുല്യം. ൰൭

കഷ്ടം ബഹുവ്രീഹിതയെന്നെ വേർപെ-
ട്ടൊട്ടേറെനാളായി മുഷിഞ്ഞമട്ടിൽ
സ്വർഗ്ഗത്തിലെ "ദ്ദാനവവൈരി"യെന്നാ-
വാക്കിങ്കലുൾപ്പെട്ടു ലയിക്കമാറായ്. ൰൮

ഇത്ഥം നമുക്കുണ്ടു പലേവിധത്തിൽ
സിദ്ധിച്ച ബന്ധങ്ങളുണർത്തിനേൻ ഞാൻ
ചിത്തേ വിചാരിച്ചിവിടുന്നു മേലാൽ
കർത്തവ്യമെന്തെന്നു വിധിക്കവേണം. ൨൰

വിധിക്കമേലായ് പുനരൊന്നുമില്ലാ-
വിധിക്കപാത്താലഴിവില്ല തെല്ലും
വധിച്ചിട്ടും മാനുഷനെന്നു മുന്നെ
വിധി,ച്ചുവക്കിന്നിവിടന്നു തന്നേ. ൪൰൫

ഹാഹാ! മനുഷ്യാവലിയോത്തുകണ്ടാ-
ലാഹാരമത്രേ രജനീചരക്ക്
മോഹാതിരേകത്തൊട്ട ചെന്നെതിർപ്പോൻ
ദേഹാഭിമാനം വിടുമന്നുതന്നെ. ൪൰൬

വല്ലായ്മയെന്തിങ്കലുമുള്ളകാല-
ത്തല്ലാതെകണ്ടീശ്വരനാമധേയം
തെല്ലെങ്കിലും ചേതസി ചിന്തചെയ്യു-
ന്നില്ലെന്നതെല്ലാരിലുമുള്ളതത്രേ. ൪൰൭

അംഭോജജന്മാവിതു കേട്ടനേരം
സംഭ്രാന്തിയുൾക്കാമ്പിലുയന്നു പാരം
അംഭോജനാഭൻെറ പദാരവിന്ദം
കുമ്പിട്ടുണർത്തിക്കണമെന്നുറച്ചു. ൪൰൮

നാലാനനൻ ദേവകളോട്ടമേററം
മാലാന്നുനില്ക്കുന്ന ധരിത്രിയോടും
നീലാമണാളൻെറ നിവാസമാമ-
പ്പാലാഴിതൻ തീരമണഞ്ഞുവേഗം. ൪൰൯

ബാലാൎക്കകോടിപ്രഭമാം കിരീട-
ജ്വാലാകലാപത്തൊടുമാനനത്തിൽ
ലോലം ചിരിച്ചന്ദ്രികയോടുമപ്പോൾ
നീലാഭിവസ്ത്രൻെറ മഹസ്സു കണ്ടാൻ. ൫൰

കാറൊത്ത നല്ക്കാന്തി കലൎന്ന കണ്ണൻ
മാറത്തണിഞ്ഞുള്ളൊരു മാല്യമാല്യം
പേറിത്തെളിഞ്ഞീടിന കൌസ്തുഭം-
ഗററത്തെ ചോലവരത്തവോടി. ൫൰൧

സഹസ്രപത്രോത്ഭവനാദിയാമ-
മ്മഹാസമാജം പുരുഭക്തിപൂൎവ്വം
മഹാമുനീന്ദ്രക്ക മദൃശ്യനാകും
മഹാപുമാനെ പ്രണമിച്ചുവേഗം. ൧൯

മന്ദസ്മിതംകൊണ്ടു പയഃപയോധി-
ക്കന്നിദ്രധാവള്യനിറം നിറച്ച്
നന്നായ് കടാക്ഷിച്ചു മുകുന്ദനേവം
വൃന്ദാരകന്മാരൊടുരച്ചിതപ്പോൾ. ൨൦

ഹേഹേവിധെ! വിണ്ണവർനാഥ! യുഷ്മൽ-
ഗേഹേ വിപത്തീയിടെയെന്തു? ചൊൽക
ഈവണ്ണമെല്ലാവരുമൊത്തുചേൎന്നി-
ട്ടീവന്നയാത്രയ്ക്കു വിശേഷമെന്തു? ൨൧

നാരായണൻതൻ മൊഴികേട്ടനേരം
പാരം പ്രമോദിച്ചു നിലിമ്പലോകം
സ്മേരാസ്യനാം മാധവനോടു,കുമ്പി
ട്ടോരോന്നു ധാതാവറിയിച്ചുപിന്നെ. ൨൨

ഞങ്ങൾക്കു സന്താപമൊഴിപ്പതിന്നാ-
യങ്ങുന്നു നിഷ്കൃഷയോടിങ്ങിരിക്കേ
മങ്ഗല്യസിദ്ധിക്കു മടക്കമെന്തൊ-
ന്നിങ്ങെത്തുവാനുള്ളതു ദീനബന്ധോ! ൨൩

മാത്സൎയ്യമേറും പിശുനൎക്കുപോലും
വാത്സല്യമുൾക്കൊണ്ടമൃതം കൊടുപ്പാൻ
ഉത്സാഹിയാം നിന്തിരുമേനി പിന്നെ
തത്സേവകൎക്കെന്തുകൊടുക്കയില്ല?. ൨൪

നികൃഷ്ടമായുള്ള മൃഗസ്വരൂപം
പ്രകൃഷ്ടനാമങ്ങു ധരിച്ചു മുന്നേ
ജഗൽപ്രഭോ! മൂന്നടി മണ്ണുവാങ്ങാൻ
പ്രകാമദൈന്യത്തൊടിരന്നു പിന്നെ. ൨൫

അയോഗ്യമാമിത്തൊഴിലിജ്ജനത്തെ-
പ്പുലൎത്തുവാൻ ചെയ്യു ചരിത്രമോൎത്താൽ
നിജാശ്രിതന്മാൎക്കു ഗുണം വരുത്താൻ
സഹിച്ചിടും സത്തുകൾ സങ്കടത്തെ. ൧൫

അനന്തു ചേരുന്ന വിപത്തൊഴിപ്പാൻ
സന്നദ്ധനായുള്ള ഭവാനെ നിത്യം
വന്നൊന്നു കുപ്പാത്ത കൃതഘ്നജാതി-
ക്കൊന്നാന്തരക്കാരിഹ ഞങ്ങളെല്ലാം. ൧൬

ഇന്നന്ദികേടിന്റെ ഫലങ്ങൾ താനേ
വന്നിങ്ങകപ്പെട്ടടിയത്തിനെല്ലാം
ഇന്നും ഭവാനോടതുണൎത്തുവാനാ-
യൊന്നിച്ചിവണ്ണം വിടകൊണ്ടു ഞങ്ങൾ. ൧൭

ഇന്നേവം പ്രവൎത്തിച്ച ജനത്തെയും ന-
ന്മാഹാത്മ്യ[illegible] മഹാശയന്മാർ
ചാര[illegible]നെയുമാശ്രയിച്ചു-
ലൈശ്വൎയ്യമോടങ്ങു ഭരിച്ചുകൊള്ളും. ൧൮

ഇക്കണ്ട ഞങ്ങൾക്കു മലങ്ങ്യമാകും
ചൊല്ലൊണ്ട ലങ്കാപുരി പങ്ക്തികണ്ഠൻ
ഉൾക്കൊണ്ടിതൻ ജ്യേഷ്ഠനെ വെന്നു വേഗാൽ
നിഷ്കണ്ടകൻ വാണു ഭരിച്ചിടുന്നു. ൧൯

അനാചാരവിദ്വേഷികളായ ദുഷ്ട-
ൎക്കാചാൎയ്യനായുള്ള നിശാചരേന്ദ്രൻ
ഭൂചക്രവാളം മുഴവൻ മുടിച്ചാൻ
നീചപ്രവൃത്തിക്കിതു നല്ല കാലം. ൨൦

അയോധനംചെയ്യു ദശാസ്യനോട-
ങ്ങായാസമാന്നാശ്രയഹീനരായി
പായും പരന്മാൎശരണം ലഭിപ്പ-
തീയക്ഷപുത്രന്റെ പുരത്തിൽമാത്രം. ൨൧

കരുത്തനാം രാവണനാത്തരോഷം
മൃധത്തിനായിന്ദ്രനൊടേററശേഷം
പെരുത്ത കണ്ണീരിലുപേന്ദ്ര! വജ്രാ-
യുധത്തിനെച്ചുട്ടു തുകച്ചു ശക്രൻ. ൩൰൨

ലങ്കേശപുത്രൻെറ ബലത്തിനാലാ-
തങ്കംവളൎന്നിട്ടു വലാന്തകന്നു
സംക്രന്ദനത്വം പരമീയിടയ്ക്കേ
സംപ്രാപ്തമായൊള്ളു ദയാപയോധേ! ൩൰൩

അന്നം കുഴമ്പാമിഷമെന്നിതെല്ലാ-
മന്നന്നൊരുക്കീട്ടു പചിപ്പതിനായ്
എന്നും മടപ്പള്ളിയിലഗ്നിദേവൻ
ചെന്നമ്പ് ഭരിപ്പേററു മടച്ചിടേണം. ൩൰൪

വാട്ടംവിനാ കല്പകവൃക്ഷമെല്ലാം
ദുഷ്ടൻ ചുവട്ടോടെ പറിച്ചവൻെറ
തോട്ടത്തിൽ നട്ടാനതു നാകലോകം
പട്ടം പിഴയ്ക്കാതെ നനയ്ക്കവേണം. ൩൰൫

തണ്ണീരുകൊണ്ടും സുരനാരിമാർതൻ
കണ്ണീരുകൊണ്ടും വളരും മരത്തിൽ
അന്നന്നു വാടുന്ന സുമങ്ങൾ പോലും
മന്ദാനിലൻ വീഴ്ത്തുകിലുണ്ടനൎത്ഥം. ൩൰൬

നായാട്ടു നീങ്ങീട്ടു വിയത്തുവാടി-
സ്സായാഹ്നകാലത്തവനങ്ങു വന്നാൽ
വീശിത്തണുപ്പിക്കണമാശുഗൻപോയ്
മോശത്തരം പററുമതല്ലയെങ്കിൽ. ൩൰൭

ഐശ്വര്യമുണ്ടായിവരുമ്പൊഴോരോ-
പ്രാവശ്യമോരോവിധമാഭയോടും
സൂര്യേന്ദുഗോളങ്ങളുദിച്ചിടാഞ്ഞാൽ
പാരം കുഴപ്പത്തിൽ പെടും കലാശം. ൩൰൮

ക്രൂരരെയെന്തിന്നു പറഞ്ഞിടുന്നി-
ങ്ങൊട്ടേറെ വാശൈശവമില്ലതാനും
മുട്ടാളനാം പങ്ക്തിമുഖോഗ്നിചുട്ടു
പൊട്ടിക്കുമാറായി ജഗത്തശേഷം. ൯൯

മർത്ത്യന്റെ കൈപ്പെട്ടു മരിച്ചിടാത-
ന്നകതമെന്നില്ലൊരു നാശമെന്നും
വക്തവ്യമീ ഞങ്ങളുണർത്തി, മേലാൽ
കർത്തവ്യമെല്ലാമിവിടേയ്ക്കു തന്നെ. ൱

മനുഷ്യജന്മത്തെയെടുത്തു വേഗാ-
ലിനിബ്ഭവാൻ രാക്ഷസവംശമെല്ലാം
ഹനിച്ചു പാലിക്കണമിജ്ജനത്തെ-
ക്കനത്ത കാരുണ്യഗുണാംബുരാശേ. ൱൧

വിരിഞ്ചനോതും മൊഴി കേട്ടനേരം
മുരാന്തകൻ ദീനജനാനുകമ്പീ
ചിരിച്ചു പദ്മാസനനോടു കറഞ്ഞൊ-
ന്നുരച്ചു ലോകേശനൊടിപ്രകാരം. ൱൨

തെല്ലും മനോവേദന വേണ്ട നിങ്ങൾ-
ക്കെല്ലാം മതംപോലെ നടത്തിവെപ്പൻ
പൊല്ലാപ്പു കാട്ടുന്നൊരു ദുഷ്ടരൊട്ടു-
ക്കില്ലാതെയാമാശു ഭയപ്പെടായ്വിൻ. ൱൩

ജനിക്കുവൻ പങ്ക്തിരഥക്ഷിതിക്ഷി-
ത്തനൂജനായുത്തര കോസലത്തിൽ
ഹനിക്കുവാൻ കൗണപരെത്തരാമൽ-
ക്കനിഷ്ഠരായ് മൂവരുമുത്ഭവിക്കും. ൱൪

പടക്കളത്തിങ്കലെനിക്കു വേണ്ടി-
ത്തുണയ്ക്കുവാൻ ദേവകദംബമെല്ലാം
മനക്കരുത്തോടു മഹീതലത്തിൽ
പിറക്കണം മർക്കടവീരരായി. ൱൫

പീതാംബരൻ ദേവകളോടിവണ്ണ-
മോതിക്കടാക്ഷിച്ചു മറഞ്ഞുമെല്ലേ
ഖേദംവിനാ നാന്മുഖനും നിലിമ്പ-
വ്രാതങ്ങളും പുക്കു നിജം നിവാസം. ൬൬

വിരിഞ്ചിയും പിന്നെയുരച്ചു ദേവോൽ-
ക്കരത്തെ നോക്കീട്ടിനിനിങ്ങളാലെ
പരാക്രമംകൂടിയ മർക്കടൌഘം
ധരാതലത്തിങ്കലുദിക്കവേണം. ൬൭

പണ്ടിജ്ജഗൽസൃഷ്ടി തുടങ്ങിയപ്പോ-
ളുണ്ടായ പുത്രന്മമ ജാംബവാനും
ഒത്താശ വേണ്ടുന്നതവർക്കു ചെയ്യാ-
നൊത്താശയോടിപ്പൊഴുമുണ്ടു ഭൂവിൽ. ൬൮

ലോകേശനേവമരുൾചെയ്ത നിയോഗമെല്ലാം
നാകേശനാദിസുരസംഹതി സമ്മതിച്ചു
ശ്രീകേശവന്നുതവി ചെയ്‌വതിനിണ്ടലില്ലാ-
തേകീടുവാൻ കപിബലത്തെയുളവാക്കിവിട്ടു. ൬൯

ഊക്കേറുന്നൊരു ബാലിയെസ്സുരവരൻ
സുഗ്രീവനെസ്സൂര്യനും,
യോഗ്യന്മാർക്കൊരു രത്നമായ ഹനുമാൻത-
ന്നെജ്ജഗൽപ്രാണനും,
സൃഷ്ടിച്ചാർ, ബഹുവാനരപ്പടയെ മ-
റ്റുള്ളോരുവാനോർകളും,
ശിഷ്ടന്മാരവരേവരും പ്രതിദിനം മോ-
ദിച്ചുമേവീടിനാർ. ൭൦

ഒന്നാം സർഗ്ഗം സമാപ്തം

രണ്ടാം സർഗ്ഗം.

സത്തമൻ ദശരഥൻ നടത്തുമ-
പ്പുത്രകാമയജനാന്തരേ തദാ
തീയിൽ നിന്നൊരു പുമാനുദിച്ചുയ-
ർന്നാശു, യാജകകുതൂഹലത്തൊടേ. ൧

അച്യുതാംശമകമേ വഹിക്കയാ-
ലപ്പുമാനമതിമാത്രദുർഭരം
സ്വർണ്ണപാത്രഗതമായ പായസം
രണ്ടുകൈയിലുമെടുത്തു നിന്നുതേ. ൨

“ഹേ മഹീശ! തനയാർത്ഥിയാം ഭവാൻ
ഹേമപാത്രമിതിലുള്ള പായസം
ക്ഷേമമേറ്റുവതിനോടു വാങ്ങി നൽ-
സ്സോമബിംബമുഖിമാർക്കു നൽകെടോ!.” ൩

എന്നുരച്ച പുരുഷന്റെ കൈയിൽ നി-
ന്നന്നു പേശലമതേറ്റു വാങ്ങിനാൻ
മന്നനാലമരപാലനബ്ധിയിൽ-
പ്പൊന്തി വന്ന സുധയെ ഗ്രഹിച്ചപോൽ. ൪

രാജവര്യസുതനായ് പിറക്കുവാ-
നിപ്രപഞ്ചജനകൻ കൊതിക്കയാൽ
പൂജ്യനാം ദശരഥന്നു വന്നൊരി-
ബ്ഭാഗ്യമന്യപുരുഷർക്കു ദുർല്ലഭം. ൫

പിന്നെ മന്നനിരുഭാര്യമാർക്കുമാ-
യൊന്നുപോലെ വകയിട്ടു പായസം
തന്നിതും പ്രഭകളേ നഭസ്സിലും
മന്നിലും കതിരവൻ വിടുന്നപോൽ. ൬

കോസലാത്മജയിലേറെ മാനവും
കേകയാങ്ഗനയൊടുററ രാഗവും
കൂട്ടമദ്ദശരഥൻ സുമിത്രതൻ
കാംക്ഷിതത്തെയവർമൂലമേകിനാൻ. ൭

തുംഗബുദ്ധി തിരളും പതിക്കെഴും
വാഞ്ഛിതത്തെയറിയുന്ന കാന്തമാർ
തമ്മിലോൎത്തു വിഭജിച്ചു പായസം
മാഗധിക്ക മടിവിട്ടു നല്കിനാർ. ൮

പണ്ടിരുന്നപടിയസ്സപത്നിമാർ
രണ്ടുപേരിലുമഭേദബുദ്ധി താൻ
പൂണ്ടു വാണിതവൾ മത്തദന്തിതൻ
ഗണ്ഡഭിത്തിയുഗളത്തിൽ വണ്ടുപോൽ. ൯

സൽപ്രജാത്മമമരാംശ ഭൃതമാം
ഗൎഭമേററിതവർ മൂവരും ക്രമാൽ
ചാരുനീരമമൃതാഢ്യ മേന്തിടും
സൌരനാഡികൾ ധരിച്ചിടുന്നപോൽ. ൧൦

ദേവനേകനവനന്നനേകനായ്
മേവി രാജമഹിഷീ ജനോദരേ
പങ്കമററു തെളിയും ജലത്തില-
ത്തിങ്കളിൻ കല വിളങ്ങിടുന്ന പോതി. ൧൧

ഒന്നുപോൽ പ്രജകളെബ്ഭരിക്കയാ-
ലൊന്നിനൊന്നു വിളറിച്ചുമ,ഞ്ഞവർ
ഈരലുവാൻ പൊതി നിരന്നുനിന്നിട്ടും
ശാലി തന്നഴകൊടേ വിളങ്ങിനാർ. ൧൨

അച്യുതൻ കലയകത്തിരിക്കയാ-
ലുച്ചലിച്ചൊരു കളായകാന്തി പോൽ
കൊച്ചുരോമനികരങ്ങൾ കുക്ഷിമേൽ
മെച്ചമായ് വിലസിവന്നു മെല്ലവേ. ൧൩

പൊൻകുടത്തൊടിടയുന്ന പോർമുല-
സ്സങ്കമായി വിലസുന്ന മൊട്ടുകൾ
മങ്കമാരുടെ കരിങ്കചത്തിനാ-
തങ്കമേകുവതിനന്നിരുണ്ടു പോൽ. ൨൪

താണിതന്നു തരളായതാക്ഷിമാ-
ർക്കുണ്ണിലുള്ള രുചിയെന്നിരിക്കിലും
ഏറിവന്നു മനതാരിലാഗ്രഹം
ചോറൊഴിച്ചിതരസാധനങ്ങളിൽ. ൨൫

കുമ്പ വീർത്തു വരവേ നതാംഗിമാ-
ക്കമ്പരന്നഴിയുമാടയെപ്പൊഴും
മുൻപിലെപ്പതിവിലും പതിഞ്ഞുപോൽ
വെമ്പലൊക്കെയടനത്തുടച്ചയിൽ ൨൬

ദാഹമേറുമിഹ ഭൂമിയിൽക്ഷണം
മോഹമാന്നു തടിപോൽ കിടന്നിടും
ദേഹമൊക്കെയൊരുപോൽ വിയർത്തിടും
സ്നേഹവാക്കു സഖിമാരുരച്ചിടും. ൨൭

മേനിപൂണ്ടു മൃദുമേനിയെങ്കിലും
ഗ്ലാനികൊണ്ടു മിഴിതാണുപോയിപോൽ
മാനിനീമണികളന്നു മണ്ണുതാൻ
തിന്നുമന്ദമറിയാതൊരുത്തരും. ൨൮

വ്യക്തമായവയവങ്ങളിൽ തുലോം
നൽതമാലനിറമാം ഞരമ്പുകൾ,
ചിത്തവൃത്തി പലതായ് പലപ്പൊഴും;
നിദ്രയും മടിയുമന്നു സഖ്യമായ്. ൨൯

ശാർങ്ഗനാന്ദക സുദർശനങ്ങളെ-
പ്പൂണ്ടു ചെറ്റു ചെറുതായ പൂരുഷർ
സ്വപ്നവേളയിലടുത്തുതങ്ങളെ-
ക്കാത്തുനില്പതവർ കണ്ടു കൌതുകാൽ, ൩൦

തങ്കവൎണ്ണമിയലുന്ന തൂവലിൻ
ഭംഗി വാനിൽ നിവിരെറ്റുരത്തിയും
ഊക്കൊടമ്മുകിലിനെത്തടഞ്ഞുപോം
പക്ഷിരാജനവരെ ധരിച്ചുപോൽ. ൨൧

നല്ല മാറിൽ നിറമാൎന്ന കൌസ്തുഭ-
ക്കല്ലിനുള്ള വടിവേന്തിയാദരാൽ
ചന്ദ്രമാം വിശറിയെധരിച്ചൊര-
ച്ഛത്രമ വന്നുപചരിച്ചു നിന്നു പോൽ. ൨൨

നാകലോക നദിയിൽ കുളിച്ചു ന-
ല്ലാശ്രമാശ്രമരിവുള്ള യോഗികൾ
ബ്രഹ്മചാരികളുമൊത്തൊരേഴുപേർ
നില്പതും സപദി കണ്ടു നിൎഭയർ. ൨൩

സാപ്പവാൎത്തയിലു ഭൂപതീന്ദ്രനാ-
മുഖ്യഗാത്രികൾ മൊഴിഞ്ഞുകേട്ടപോലെ
ലോകനാഥഗുരുവായ് ഭവിക്കിൽ ഞാൻ
കേമനെന്നൊരഭിമാനമാൎന്നു പോൽ. ൨൪

ധൎമ്മശാലി ധരണീ പുരന്ദരൻ
കൎമ്മശാസ്ത്രവിധിപോലനന്തരം
നന്മയോടു ശുഭകൎമ്മമൊക്കയും
ശൎമ്മപൂൎത്തി വരുവാൻ നടത്തിനാൻ. ൨൫

ചാന്ദ്രമാസനവകം തികഞ്ഞിത-
ച്ചന്ദ്രബിംബമുഖിമാൎക്കഗൎഭവും
കൈടഭാരികരുണാബലത്തിനാൽ
കൂടിയന്നു ശുഭലക്ഷണങ്ങളും. ൨൬

തുംഗരാശികളിലഞ്ചു ഖേചരം
ഭംഗമേകുവതിനേഴിൽ മംഗലൻ
അംഗഭത്തിലമൃതാംശുവോടു ചേ-
ൎന്നംഗിരസ്സുമൊരു യോഗമാൎന്നു പോൽ. ൨൭

കർമ്മശക്തി വഴിപോലെ നൽകുവാൻ
കർമ്മസാക്ഷി ഭഗവാനമപ്പൊഴേ
കർമ്മഭാവമതിലാണ്ടു ഭൂപസൽ-
ക്കർമ്മവൈഭവവശാലുയൎന്നപോൽ. ൧൮

സൂൎയ്യവാരമദിതിക്ഷ മുഖ്യമാം
താരവും നവമിയും കലൎന്നനാൾ
ഭൂമിഭൂന്മഹിഷിമാരിൽ മൂത്തവൾ-
ക്കാമനസ്യമുളവായി വന്നപോൽ. ൧൯

മണ്ടി മണ്ടി മലരിൻമണങ്ങളേ
കൊണ്ടടിച്ചു പവനൻ സമാനനായ്
നന്നലഞ്ഞുലകിലന്നു സൂതികാ-
മന്ദിരത്തിലുമണഞ്ഞു മന്ദമായ്. ൨൦

കാറൊഴിഞ്ഞു കമലേഷ്ടകാമുക-
ന്നേറിവന്നൊളികളപ്പൊഴൊക്കയും
വത്സലതയോ? ദശാസ്യനിൽ
സംശയം കുറകയോ? മഹാത്ഭുതം. ൨൧

പേരിനാലപകടങ്ങൾ വല്ലതും
കൈവരാതമരുവാൻ കബന്ധവും
ശുദ്ധമായ്; പുകയൊഴിഞ്ഞുനല്ലപോ-
ലുജ്ജ്വലിച്ചു യജ്ഞനാഗ്നിയും തദാ. ൨൨

മന്നവൻ മഹിഷിമാരിൽ മുഖ്യയാം
കോസലാത്മജ ലഭിച്ചു പുത്രനേ
രാവിലോഷധി തമസ്സൊഴിച്ചിട്ടും
നൽപ്രകാശനികരത്തെയെന്നപോൽ. ൨൩

സൂൎയ്യവംശമണിദീപമായ് പരം
തുല്യമറ്റൊളികലൎന്നകുഞ്ഞിനാൽ
സൂതികാലയ വിളക്കിൽ വാണിട്ടും
നൽത്തിരിക്ക തെളിവൊന്നു മങ്ങിപോൽ. ൨൪

പള്ളചൊട്ടി മകനോടുകൂടെയ-
ങ്ങുള്ള മെത്തയിൽ വിളങ്ങിനല്ലപോൽ
നീർ വരണ്ടൊരു നിലിമ്പവേണിതൻ-
സൈകതേ സരസിജത്തൊടെന്നപോൽ. ൩൫

കണ്ണിണയ്ക്കു കുതുകംവളർത്തപൊ-
ന്നുണ്ണിതന്നുടലുകണ്ടു തൽക്ഷണം
രാമനെന്നു ഭുവനൈകഭവ്യമാം
നാമധേയമുരചെയ്തു ദേശികൻ. ൩൬

പെററുപോൽ ഭരതനെന്ന പുത്രനെ-
ത്തൊട്ടടുത്ത ദിനമങ്ങു കൈകയീ
ലക്ഷ്മിയെ പ്പെരിയ നീതിയെന്നപോ-
ലമ്മയെപ്പുരമലങ്കരിച്ചവൻ. ൩൭

വിദ്യ താനറിവുമുററ താഴ്മയും
പെററിടുന്ന വിധമസ്സുമിത്രയും
ലക്ഷ്മണൻ പുനരരിഘ്നനെന്നുര-
ണ്ടാത്മജാതരെയിരട്ട പെററുപോൽ. ൩൮

ഭൂവിൽ വന്നു ഭഗവാൻ പിറക്കയാൽ
ദ്യോവുമിങ്ങവതരിച്ചു വന്നപോൽ
മങ്ങലും വ്യഥകളും വെടിഞ്ഞുസൻ-
മങ്ഗളം ധരണിയിൽ പ്പരന്നുതേ. ൩൯

രാവണൻ കണവരെക്കമെയ്യ്ക്കയാ-
ലാവലാതിയൊടിരുന്ന ദിക്കുകൾ
നാലുദേഹമൊടജൻ പിറന്നപോ-
താശ്വസിച്ചുവിധമൂർത്തി മാരുതൻ. ൪൦

രാവണൻെറ മകുടത്തിൽ നിന്നുടൻ
ചാരു മുത്തുമണിയെന്ന കൈതവാൽ
യാതുധാനകുലലക്ഷ്മിതന്നുടേ
ബാഷ്പവിന്ദു നിപതിച്ചു ഭൂമിയിൽ. ൪൧

പാർത്ഥിവന്നു സുതജന്മസൂചകം
തുര്യഘോഷമതു ചെയ്യതിന്നഹോ!
നാന്ദിയായിഹ നഭസ്സിൽ മുന്നമേ
ദുന്ദുഭിധ്വനി മുഴക്കി വാനവർ. ൨൩

ജാതകർമ്മമുഖമായ കർമ്മമ-
ങ്ങാദരത്തൊടു നടത്തിനാൻ നൃപൻ
പുഷ്ടിയാർന്നു ജനകൻെറ മുത്തൊടും
ധാത്രിമാർമുല കുടിച്ചു കുട്ടികൾ. ൨൪

വാരിജോത്ഭവസുതൻ വസിഷ്ഠനാ-
രാജപുത്രരെ വിധിക്കുതക്കപോൽ
ആദ്യമായുപനയിച്ചു പിൻപുതാൻ
വേദ്യവിദ്യകളശേഷമേകിനാൻ. ൨൫

ബാലകർക്കു തനിയേ ഭവിച്ചസൌ-
ശീല്യസൌഷ്ഠവമൊരല്പ ശിക്ഷയാൽ
ഒന്നിനൊന്നധികമായ്; ഹവിസ്സിനാൽ
വഹ്നിയിൽ സ്സഹജമായ ദീപ്തിപോൽ. ൨൬

അക്കുമാരർ മുഷിയാതെ തങ്ങളിൽ
സ്വാചരമായ രഘുവിൻ കുലത്തിനെ
നല്ലരീതിയിൽ നിറുത്തി; നന്ദനേ
വന്നു കൂടിയൊരൃതുക്കളെന്നപോൽ. ൨൭

ഐകമത്യമൊരുപോലെയാകിലും
പ്രേമമേറിയതിനാലെ ലക്ഷ്മണൻ
രാമനോടു പിരിയാതെ നിന്നപോൽ
സാഹചര്യമിളയോർക്കു മാത്രമായ്. ൨൮

രണ്ടുവീതമിടചേർന്ന ബാലക-
ർക്കിണ്ടലില്ല മമതയ്ക്കൊരിക്കലും
വായുവഹ്നികളിണങ്ങിയോണവും
ചന്ദ്രനുംകടലുമെന്ന പോലെയും. ൨൯

കേരള സാഹിത്യ അക്കാദമി

കാന്തിയും വിനയസമ്പ്രദായവും
മുന്തിനില്പൊരു നരേന്ദ്രബാലകർ
നാട്ടുകാരുടെമനം കവൎന്നതേ
കാറണിഞ്ഞ ദിവസങ്ങൾപോൽ ശുചൌ. ൩൯

നാലുവൎഗ്ഗമുടലോട്ടു മൂഴിയിൽ
തുല്യകാലമതിൽ വന്നുദിച്ചപോൽ
ഭൂപനാം ദശരഥന്റെ ഉണ്ണിമാർ
ശോഭപൂണ്ടനുദിനം മുതിൎന്നിതേ. ൪൦

കൈവെടിഞ്ഞവരുറക്കമേഴര-
യ്ക്കീശ്വരസ്മരണമോടെണീറ്റുടൻ
ആത്മശുദ്ധി വഴിപോലെചെയ്തുകൊ
ണ്ടാത്മകൃത്യമഖിലം കഴിച്ചിടും. ൪൧

പ്രാൎത്ഥവേള കഴിയുമ്പൊഴുണ്ടുകൊ-
ണ്ടന്യബന്ധുജനതാസമേതരായ്
കാവ്യനാടകവിനോദനങ്ങളെ-
ക്കൊണ്ടഹസ്സകലം കഴിച്ചുമിക്കതും. ൪൨

ഹസ്തിയും തുരഗവും കവാത്തുമാ-
യുധകൌശലമിതൊക്കയും ക്രമാൽ
അഭ്യസിച്ചഥ വയസ്യരോടുചേ-
ൎന്നിക്കണക്കനുദിനം നടന്നിടും. ൪൩

രാജമൌലിനടുനായകത്തിന-
പ്രശ്രയം പെരികെയുള്ള ബാലകർ
ആഴിപോലെ സുഗു[illegible]രൂപമാം
മുത്തുചേൎത്തതിതരാം [illegible]നാത്മരായ്. ൪൪

ഇത്ഥംപലാശ[illegible] സമിത്തശേഷം
യുദ്ധാദ്ധ്വരത്ത്[illegible]ൽ വഴിപോലെദഹിപ്പതിന്നായ്
അഗ്നിത്രയ[illegible]ളവായ ചിദഗ്നിയേവം
വഹ്നി[illegible]റ്റൊരാരണിയിങ്കൽമോദാൽ. ൪൫

നിശാചരപ്രകരമനോരഥാഗ്നി മങ്ങീ
ദിശാംമുഖംമുഴുവനു മൊന്നുപോൽ വിളങ്ങി
കുശാസനംനരപതി വേണ്ടപോ[illegible]ങ്ങീ
കുശാസനേമുനികൾതപസ്സിനു [illegible]ങ്ങീ

തണ്ടേറുംദനുജ്ഞാന[illegible]ത്തിനെയമ-
ത്തീടുന്ന ദന്തങ്ങളെ
കൊണ്ടെരാവത ദന്തിയുംചതുരുപായ-
ച്ചേർച്ചയാൽനീതിയും
രണ്ടാൽരണ്ടുഗ്രഹിച്ച [illegible]ോണികളൊട-
സ്സാക്ഷാൽസരോജാക്ഷനും
കൊണ്ടാടുംപടി നാലു വിണ്ണുകലയാൽ
നന്ദിച്ചിതഭ്രമിപൻ. ൩൦

രണ്ടാംസർഗ്ഗം സമാപ്തം.

മൂന്നാം സർഗ്ഗം.

പ്രശമിത ഹൃദയാർത്തിയായിടുന്ന-
ദ്ദശരഥമന്നവനാത്മമന്ദിരത്തിൽ
കുശലമൊടു വസിച്ചിടുന്നനാളിൽ
കുശികസുതൻമുനി കാണ്മതിന്നു വന്നാൻ. ൧

അധികതര തപോബലങ്ങളെക്കൊ-
ണ്ടധിഗതമായൊരു വർണ്ണവൈഭവത്താൽ
വിധുനികടമണഞ്ഞ നീലമേഘ-
സ്ഥിതിയെ ഹരിച്ചു വിളങ്ങി മാമുനീന്ദ്രൻ. ൨

കലിതവിവിധസൽഗുണോഘനായു-
ജ്ജ്വലിതമനോഹര വൃത്തനാം മുനീന്ദ്രൻ
വിലസി നരവരന്റെ മുൻപിലേറ്റം
വിലപെറുമുത്തമകാവ്യമെന്നപോലെ. ൩

കൊടിയനിയമശാലിയെസ്സമീക്ഷി-
ച്ചുടനടി ചെന്നെതിരേറ്റു ഭൂമിപാലൻ
അടിയിണകഴുകിച്ചു ഭക്തിപൂർവ്വം
സ്ഫടികമഹാസന മേകിയങ്ങിരുത്തി. ൪

തനതുഗുരുവിനും കൊടുത്തു പീഠം
ജനപതിയുംപുനരാസനേ വസിച്ചാൻ
അനുപമഗുണമുള്ള സഭ്യരെക്കൊ-
ണ്ടനവധിപുണ്യമടഞ്ഞിതസ്സദസ്സും. ൫

നരപതിവരനന്നതിന്റശേഷം
പുരുവിനയത്തൊടുരച്ചു യോഗിയോടായ്
"പരമരിയതപോനിധാനമാം നി-
ന്തിരുവടി തൻ വരവെന്ന ദൃഷ്ടയോഗം. ൬

മലമതികളായ് വികാരമെല്ലാം
ക്ഷമയൊടുവിട്ടു ഭവാബ്ധിയെക്കടന്നു്
സമതയൊടു നിരാശരായ് നടക്കും
യമികളെയിങ്ങനെ കാണുവാൻ പ്രയാസം. ൭

അപരിമിത തപോബലങ്ങളെക്കൊ-
ണ്ടുപരിപദത്തിൽ വിളങ്ങിടും ഭവാന്മാർ
സ്വപരിജനസമേതരായിദാനീ-
മപരിപുഷ്ടാതരതായ് വസിക്കയല്ലീ? ൮

ഇതുപൊഴുതിവിടേയ്ക്കു വന്നതെന്തി-
ന്നുദവസിതം മമ ശുദ്ധമാക്കുവാനോ?
ക്ഷതിപെരുകിയ ദുർജ്ജനങ്ങളാല-
ങ്ങധികമസഹ്യതവല്ലതും ഭവിച്ചോ?" ൯

നരവരനുടെ നല്ലവാക്കു കേട്ടി-
ട്ടരിയ കുതൂഹലമാർന്നു കൌശികൻ താൻ
കരുണയൊടൊരനുഗ്രഹത്തെ നൽകി-
ട്ടരുളി മനോരഥമാദരത്തോടെല്ലാം. ൧൦

സ്മൃതിയിലിവിടെനിന്നു തെറ്റുകൂടാ-
തതികുതുകത്തൊടു നാടുവാണിരിക്കെ
മതിയിലസുഖലേശമിജ്ജനത്തി-
ന്നെതിരിടുകെന്നതരിപ്പമോർത്തുകണ്ടാൽ. ൧൧

അനുപമസുഖമെങ്കിലും നമുക്കി-
ങ്ങനുഭവസിദ്ധമുപദ്രവം കുറയ്ക്കാൻ
ഉചിതതരമുപായമോർത്തുകണ്ടി-
ന്നജസുത! ഞാനതുരപ്പതിന്നു വന്നേൻ. ൧൨

കൊടിയതപമതിൻ ഫലങ്ങളിൽപ്പാ-
തടയവനാറിലൊരംശമേകി നിത്യം
അടവിയിലമരും തപസ്വിമാരിൽ
പെടുമഴൽമന്നവർ ചെന്നൊഴിക്കവേണം. ൧൩

യതികളുടെ തപസ്സിനെത്തടുപ്പാൻ
കൊതികലരുന്നൊരു ദുഷ്ടജന്തുജാതം
ദ്രുതമ[illegible]ിവരെണ്ടതിന്നുതാനി-
സ്സുതിയുരചെയ്തു വിധിച്ചു വേട്ടയാടാൻ. ൧൫

നരപതിയുടെനീതിയൊക്കെ നന്നായ്
പരിചയമുള്ള ഭവാനൊടായതെല്ലാം
പരമിഹ പറയേണ്ടതില്ലപക്ഷേ
വ[illegible]ത്തിനുള്ളൊരു കാരണം കഥിക്കാം. ൧൬

സുരപിതൃനികരപ്രസാദസിദ്ധി-
ക്കൊരുയജ്ഞനത്തെ നടത്തിടുന്നു ഞങ്ങൾ
നരവര! തവസൂനുരാമനെക്കൊ-
ണ്ടരമതിനെപ്പരിരക്ഷചെയ്യവേണം. ൧൭

രജനിചരവരൻ സുബാഹു, മാരീ-
ചനൊ[illegible]രുമിച്ചുവിട്ടേയ്ക്കു വന്നു നിത്യം
[illegible]ൊണ്ഡവൃഷ്ടിയെക്കൊ-
ണ്ടധികമുപദ്രവമേകിടുന്നു കഷ്ടം! ൧൮

ശുചിതയെഴുമൊരാജ്യ തർപ്പണത്താൽ
ശുചി സതതം വിലസുന്ന യജ്ഞവാടം
ശുചിയകലെ വെടിഞ്ഞ ദുർജ്ജനം, സം
കുചിതഹുതാശനമാക്കിവച്ചു കഷ്ടം! ൧൯

അന്നുദിവസവുമഗ്നിതന്റെ ചുടേ-
റ്റനവരതം പൊരിയും പലാശവൃന്ദം
അനലനുടെ മദം കുറയ്ക്കുതിന്നായ്
മനസിവിരോധമുദിച്ചെതിർത്തതല്ലീ? ൨൦

എരിയുമൊരു മഹാനലന്റെ മദ്ധ്യേ
ചൊരിയുമസൃക്പ്രകരപ്രവാഹമേറ്റ്
തരളഹൃദയരായ് ചമഞ്ഞിതയ്യോ!
കരള പാഞ്ഞിടുകല്ല ഞങ്ങളെല്ലാം. ൨൧

കുമതികളുടെ ശല്യ ... ഷം നീക്കി
ട്ടിത്തുപൊഴുതെന്നുടെ നാശരക്ഷ ചെയ്വാൻ
പുരുകൃപയൊടു രാമനെസ്സഖേ! നീ
ഝടിതി സലക്ഷ്മണമങ്ങയയ്ക്കവേണം. ൨൪

സുതരിലധികവത്സലൻ മഹീശൻ
ശ്രുതിപരുഷം വചനം ശ്രവിച്ചനേരം
ഹൃദി വലിയൊരു ശല്യമേററപോല-
സ്സദസിയിലൊരക്ഷരമോതിടാതിരുന്നാൻ. ൨൫

ദിനകരകുലദേശികൻ വസിഷ്ഠൻ
മനസി വിശേഷമശേഷമോൎത്തു കണ്ടു്
ദശരഥനുടെ മുന്നിലിപ്രകാരം
വിശദമുരച്ചു നിഗൂഢമായ് സമസ്തം. ൨൬

നരവര! നിന്മമമാനസേ വിഷാദം
കരുതരുതെൻമൊഴി കേൾക്ക സാവധാനം
സരസിജഭവ ശങ്കരാദിസേവ്യൻ
സരസിജലോചനനേഷ രാമചന്ദ്രൻ. ൨൭

അഹികുലപതി ലക്ഷ്മണൻ മഹാത്മാ
ഭരതനുമക്കരപാഞ്ചജന്യമത്രെ
രിപുനികരകൃതാന്തനന്ത്യപുത്രൻ
ഹരിയുടെകൈയിൽ വിളങ്ങിടുന്ന ചക്രം. ൨൮

ത്രിഭുവനജനയിത്രിയായ മായാ
ഭഗവതിയും ജനകാത്മജാതയായാൾ
അവനിയിലിവരൊത്തുകൂടുവാനി-
ക്കുശികസുതൻ വരവാദികാരണം കേൾ. ൨൯

പെരികെ മദമെഴും ദശാസ്യനെക്കൊ-
ന്നമരകുലത്തെയശേഷവും ഭരിപ്പാൻ
അഖിലഭുവനപാലനിപ്രകാരം
നൃവര! നിൻസുതനായതോൎക്കെടോ! നീ. ൩൦

മതിയിലിതഖിലം നിനച്ചു നന്നാ-
യ്തിയൊടു രാമനെ നീയയയ്ക്കുകെന്നം
ദ്യുതി ഗുരുമൊഴി സാദരിച്ചു ഭൂപൻ
പതിവിധു രാമലക്ഷ്മണരെക്ക് പണ്ടും. ൨൮

പുരുവിഷയവിരക്തരാം ജനങ്ങൾ-
ക്കരുതരയോഗബലേന ഗമ്യനാകും
പരമപുരുഷനേ നിയോഗശക്ത്യാ
നരപതി കൌശികനോടുകൂടെ വിട്ടാൻ. ൨൯

ദശരഥനൊടു യാത്രയും പറഞ്ഞ-
ക്കുശികസുതൻ കുശലം വസിഷ്ഠരോടും
ചതുരതയെഴുമക്കുമാരകന്മാ-
രിരുവരെയും ഭരമേറ്റു താൻ നടന്നാൻ. ൩൦

അഥ ദശരഥപുത്രരോടു മധ്യേ-
പഥമുരചെയ്തു മുദാ മുനീന്ദ്രനേവം
"ബലയതിബലയെന്നു രണ്ടു മന്ത്രം
നലമൊടു നിങ്ങൾ പഠിച്ചുകൊൾവിനിപ്പോൾ." ൩൧

ഇതിപുനരരുൾചെയ്തു യോഗിവര്യൻ
കുതുകമിയന്നു കൊടുത്തു വിദ്യരണ്ടും
പശിയുമരിയദാഹവും വരാത്താൻ
കുശികജനോടവരഭ്യസിച്ചു നന്നായ്. ൩൨

പുനരപി നൃപപുത്രരോടു ചൊന്നാൻ
മുനിതിലകൻ ... മോദമാർന്ന ചിത്തേ
ക്ഷിതിയിതഖിലർശരൻ ദഹിച്ചിട്ടു പ-
ണ്ടതുമുതലിസ്ഥലമംഗസംജ്ഞമായി. ൩൩

അവരഥ സരയൂസരിത്തരത്തെ-
ഝടതി കടന്നിഹ, വൃത്ര... മൂലം
വലരിപുവിനു പാപശാന്തിചെയ്താ-
രവനിയിലെത്തിയ പോതുരച്ചു യോഗി. ൩൪

കമലഭവനനന്ദനപ്രസാദമൂലം
പ്രമദമിയന്ന സുകേതുവിന്നു മുന്നം
ഒരു മകളുളവായി താ[illegible]ഖ്യാ
പുനരവളെച്ചിതമോടു വേട്ടു സുന്ദൻ. ൨൭

അവരുടെ മകനായ് പിറന്നു മാരീ-
ചൻ,മഥ സുന്ദനഗസ്ത്യശാപശക്ത്യാ
പരമഗതിയടഞ്ഞതു കണ്ടു മൈത്രാ-
വരുണിയൊടൊന്നു പകച്ചു തത്തദ്രൂ[illegible] ൨൮

കലശഭവനൊടന്നുകൌണപത്വം
പലനവനും ജനയിത്രിയും ലഭിച്ചു
അവരയുതകരീന്ദ്രവിക്രമംകൊ-
ണ്ടവമതിയത്ര ജനത്തിനേകിടുന്നു. ൨൯

അനവധി നരയോഗിവൃന്ദമാംസ-
ച്ചുവയറിയുന്നൊരു യാതുധാനനാരി
മമതനുവവൾ വാററലെന്നു വെച്ചി-
ട്ടുഭിരുചി വിട്ടതുകൊണ്ടു ഞാൻജയി[illegible]പ്പൻ. ൩൦

അയി! നിശമയ രാമചന്ദ്ര! നീയി-
ന്നവളെ വധിച്ചു വിപത്തൊഴിക്കവേണം
മുനിയുടെ മൊഴി കേട്ടു പെൺകൊലയ്ക്കാ-
രഘുപതിയൊന്നു മടിച്ചുറച്ചു നിന്നാൻ. ൩൧

കുശികജനതു കണ്ടു പണ്ടു [illegible]ത്രി- രരമതു
ക്കലസത ചെയ്തോര[illegible]ന്ദരസ്സുമേവം
വ്രതമിഴകിയ രേണുകസ്സുതം [illegible]
ഹരിയരുളീടിനവാത്ത[illegible]പ്പറഞ്ഞാൻ.

വധുവിനുടെ വ[illegible]ധൈര്യം
വി[illegible] വിട്ടിതു രാമചന്ദ്രനപ്പോൾ
അത[illegible]നി പൂ[illegible]പോലെ ചാപം
മത[illegible]താണൊലി കൊണ്ടു സമ്മതിച്ചു. ൩൩

രഘുവരന്റെ ശിഞ്ജിനീ നിനാദ
ലഘുതരമോർത്തു സുകേതുപുത്രിയപ്പോൾ
പകയൊടു ഹൃദി കാളരാത്രിയെപ്പോൽ
ലികലിനടുത്തിതു നീലശൈലതുല്യ. ൪൨

ഘോരമതുടെ യൂതവേശക്ത്യാ
പൊരുതര വീണു മഹീരുഹങ്ങളും മാർഗ്ഗേ
അവനീചിതയിൽനിന്നുവന്നിടുമ്പോ-
ട്ടു വിരുന്ന [illegible] കണ്ടാൻ. ൪൩

ദശരഥ [illegible] ലചാർത്തിമെയ്യിൽ
കുശികസുത [illegible] ച്ചൂട്ടത്തിടുമ്പോൾ
[illegible] കാകമെന്നിതെല്ലാം
[illegible] വയടുത്തു പറന്നിരിച്ചപോലെ. ൪൪

[illegible] ണിമകലത്ത് [illegible] കൊണ്ട-
ഘനപടലത്തെയടിച്ചുടച്ചവാനിൽ
പിതൃവനമതിൽ നിന്നെഴും പിശാചാ-
കൃതി [illegible] ൪൫

ചതിപുനരത് [illegible]
കുതുകമിയ [illegible] കൾ [illegible]
[illegible] യുടെ വധേ വിരോധിയാകും
[illegible] വിട്ടിതു സായകത്തിനോടേ. ൪൬

യജ്ഞ [illegible] പോൽ കടുപ്പമുള്ളോ [illegible]
ളുടെ [illegible] തുളച്ചു പാഞ്ഞ [illegible]
[illegible] രഥനവളു കാട്ടയിൽ കിടപ്പാൻ
ശമ [illegible] വാതിലായ [illegible] ൪൭

ഉരസി രഘുവരന്റെ ബാണ [illegible]
ട്ടവനിയിലായവളാശു വീണനേരം
വനവുമഥ ദശാനനൻ പ്രതിഷ്ഠി-
ച്ചൊരു ജയലക്ഷ്മിയുമൊന്നു [illegible]

നിശിചരിയവൾ രാമ മഹാസ്ത്രം
സപദിതറച്ചഥ നെഞ്ചിലാർത്തിയോടും
ഉടലടിമുടി രക്ത ചന്ദനംതേ-
ച്ചുടനെയണഞ്ഞിതു ജീവിതേശഗേഹം. ൫൰

പുകൾ പെരിയൊരു വാമനാശ്രമത്തേ
രഘുപതികണ്ടു കഴിഞ്ഞ ജന്മവൃത്തം
നിജമനസി മറന്നിരിക്കിലും താ-
നനുപമയാകമൊരാസ്ഥ പൂണ്ടു നിന്നാൻ. ൫൧

ഇതി പലപല നല്ലനല്ല ദേശം
മതികുതുകത്തൊടു കണ്ടു രാഘവന്മാർ
ചെറുതുവഴി നടന്നു ഖേദമോരാ-
തൃഷിയൊടുമൊത്തു തദാശ്രമം ഗമിച്ചാർ. ൫൨

മുനിവരനഥ യജ്ഞദീക്ഷ പൂണ്ടാൻ
നൃപസുതരമ്പുമെടുത്തു കാത്തു നിന്നാർ
രവിശശികൾ ദിവാനിശം സ്വകാന്തി-
പ്രചുരിമ കൊണ്ടുലകത്തെയെന്നപോലെ. ൫൩

കടുനിണമതുകൊണ്ടു ഹോമകുണ്ഡം
ഝടിതി നനഞ്ഞതു കണ്ടു യാജകന്മാർ
കിടുകിടനെ വിറച്ചു കൈവെടിഞ്ഞാ-
രൊടുവിൽ മഖക്രിയയേ സ്രുവങ്ങളോടും. ൫൪

